**നം. പി.ആർ. 84 (a)/2025 തിരുവനന്തപുരം, തീയതി: 23.04.2025**

# പത്രക്കുറിപ്പ്

## കേരളസർവകലാശാലയ്ക്ക് പേറ്റന്റ് നേട്ടം: സോളാർ റിഫ്ലക്റ്റീവ് സ്പൈനൽ പിഗ്മെന്റുകൾക്ക് അംഗീകാരം

സോളാർ റിഫ്ലക്റ്റീവ് സ്പൈനൽ പിഗ്മെന്റുകൾ (Solar Reflective Spinel Pigments) തയ്യാറാക്കുന്നതിനും, ഡാർക്ക് ഐ.ആർ റിഫ്ലക്റ്റീവ് കോട്ടിംഗുകൾ (Dark IR Reflective Coatings) നിർമ്മിക്കുന്നതിനുമുള്ള സാങ്കേതികവിദ്യക്ക് കേരളസർവകലാശാലയ്ക്ക് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു. രസതന്ത്ര വകുപ്പിലെ സീനിയർ പ്രൊഫസർ എസ്. എം. എ. ഷിബിലിയും അദ്ദേഹത്തിന്റെ ഗവേഷണ സംഘവുമാണ് ഈ സുപ്രധാന കണ്ടുപിടുത്തത്തിന് പിന്നിൽ. കേരള സർവകലാശാലയിലെ ട്രാൻസ്‌ലേഷണൽ റിസർച്ച് ആന്റ് ഇന്നൊവേഷൻ സെന്ററിലെ പേറ്റന്റ് സെല്ലാണ് പേറ്റന്റിനായി അപേക്ഷ സമർപ്പിച്ചത്. TIPS-TiMeD ആണ് ഈ പ്രക്രിയ സുഗമമാക്കുന്നതിന് സഹായം നൽകിയത്. ഈ കണ്ടുപിടിത്തം ഊർജ്ജ സംരക്ഷണ രംഗത്ത് വലിയ മുന്നേറ്റം നടത്താൻ സഹായിക്കുമെന്നാണ് വിലയിരുത്തൽ.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in